പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി

84 (266) ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഏക്കർ സർക്കാർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തോട്ട ഉടമകൾക്ക് എത്ര ഏക്കർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്നും ഏക്കറിന് എത്ര രൂപയാണ് പാട്ട തുക എന്നും വെളിപ്പെടുത്തുമോ;

(സി) തോട്ടത്തിനല്ലാതെ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞതിനെ തുടർന്ന് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) പാട്ടക്കാലാവധി തീരുന്നതിനു മുമ്പ് കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 4635.4727 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ 91635.925056 സർക്കാർ ഭൂമി തോട്ടങ്ങൾ തുടങ്ങുന്നതിനായി പത്തനംതിട്ട, ഇടുക്കി, കോട്ടയം, കണ്ണൂർ ജില്ലകളിലായി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

പത്തനംതിട്ട :

1.	എൻ.എസ്.എസ്. എസ്റ്റേറ്റ്, നൂറനാട്, റാന്നി താലൂക്ക്	– 256.13 ഏക്കർ
2.	താമരപ്പള്ളി എസ്റ്റേറ്റ്, ചിറ്റാർ, സീതത്തോട് വില്ലേജ്	– 10.00 ഏക്കർ
3.	വേളിമല റബ്ബർ കമ്പനി, വടശ്ശേരിക്കര വില്ലേജ്	– 15.62 ഏക്കർ
4.	അച്ചാമ്മ ജോർജ്ജ് പേരിലുള്ള എസ്റ്റേറ്റ്, പെരുനാട് വില്ലേജ്	– 2.21 ഏക്കർ
5.	ശ്രീ. ജെയിംസ് ഗോമസ്, പുതുപ്പറമ്പിൽ, പെരുനാട് വില്ലേജ്	– 2.31 ഏക്കർ
6.	ശ്രീ. കെ. ഗോപിനാഥൻ നായർ, വടശ്ശേരിക്കര വില്ലേജ്	– 6.43500 ഏക്കർ
7.	സൗത്ത് ഇന്ത്യൻ പ്ലാന്റേഷൻസ്, അടൂർ	– 3.55 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി :

ദേവികുളം താലൂക്ക് :

1.	ടാറ്റാ ടീ	-57359.14 ഏക്കർ
2.	തലയാർ ടീ	- 2504.00 ഏക്കർ
3.	ഹാരിസൺ മലയാളം	- 1594.45 ഏക്കർ
4.	ഏലം കൃഷിക്ക് 593 പേർക്ക്	- 4038.84 ഏക്കർ

പീരുമേട് താലൂക്ക് :

1.	മ്ളാമല എസ്റ്റേറ്റ്	- 15.11 ഏക്കർ
2.	ആലംപള്ളി എസ്റ്റേറ്റ്	- 87.51 ഏക്കർ
3.	ഹെലിബറിയ എസ്റ്റേറ്റ്	- 29.56 ഏക്കർ
4.	ടൈഫോർഡ് എസ്റ്റേറ്റ്	- 5.00 ഏക്കർ
5.	അമരാവതി എസ്റ്റേറ്റ്	- 1.60 ഏക്കർ
6.	ഫെമിനിവാലി എസ്റ്റേറ്റ്	- 0.68 ഏക്കർ
7.	ഗ്ളെൻമേരി എസ്റ്റേറ്റ്	- 0.75 ഏക്കർ
8.	ഏലം കൃഷിക്ക് 603 പേർക്ക്	- 1991.71 ഏക്കർ

ഉടുമ്പൻചോല താലൂക്ക് :

	ഏലം കൃഷിക്ക് 7689 പേർക്ക്	-23557.99 ഏക്കർ

തൊടുപുഴ താലൂക്ക് :

1.	മലങ്കര എസ്റ്റേറ്റ്	- 21.78 ഏക്കർ
2.	ഹാരിസൺ മലയാളം	- 15.76 ഏക്കർ

കോട്ടയം ജില്ല :

	റബ്ബർ ബോർഡ്, കോട്ടയം	- 20.56 ഹെക്ടർ

കണ്ണൂർ ജില്ല :

	മാനേജിംഗ് ഡയറക്ടർ, ഔഷധി	- 100 ഏക്കർ (16.56 ഏക്കർ ഭൂമി നിരിക്കെ എടുത്തിട്ടുണ്ട്)

പത്തനംതിട്ട ജില്ലയിൽ ഒരു ഹെക്ടർ ഭൂമിയുടെ പാട്ടത്തുക 371 രൂപയാണ്. ഇടുക്കി ജില്ലയിൽ തേയില കൃഷിക്ക് ഹെക്ടറിന് 100 രൂപ നിരക്കിലും റബ്ബർ കൃഷിക്ക് 1 മരത്തിന് 15 രൂപ നിരക്കിലും ഏലം കൃഷിക്ക് ഹെക്ടർ ഒന്നിന് 5000 രൂപ വീതം പ്രീമിയവും ഹെക്ടറിന് പ്രതിവർഷം 250 രൂപ നിരക്കിൽ പാട്ടക്കരമായും പിരിക്കുന്നു. കോട്ടയം ജില്ലയിൽ ഹെക്ടറിന് 1300 രൂപ വീതം ഈടാക്കുന്നു. കണ്ണൂർ ജില്ലയിൽ ഹെക്ടറിന് 308 രൂപ പ്രകാരമാണ് പാട്ടത്തിന് നൽകിയിരിക്കുന്നത്.

(സി) 1964-ലെയും 1995-ലെയും കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം തോട്ടത്തിനല്ലാതെ സർക്കാർ ഭൂമി പാട്ടത്തിന് നൽകി വരുന്നുണ്ട്.

(ഡി) പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ പാട്ടം പുതുക്കുന്നതിന് വേണ്ടി അപേക്ഷ ലഭിക്കുന്ന കേസുകളിൽ അർഹതയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കി നൽകുന്നുണ്ട്.

(ഇ) പാട്ടക്കാലാവധി തീരുന്നതിനു മുമ്പ് കാലാവധി നീട്ടിക്കൊടുക്കുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ല.

പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമിയുടെ പാട്ട കുടിശ്ശിക ഈടാക്കുന്നതിന് നടപടി

***85 (287)** ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകാരി സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമി പതിച്ചു കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം;

(ബി) പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമിയുടെ പാട്ട കുടിശ്ശിക ഈടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പാട്ടക്കാലാവധി തീരുന്നതനുസരിച്ച് കാലാനുസൃതമായി പാട്ടം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പാട്ടഭൂമി മറിച്ചു വില്ക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഭൂമി വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) തിരുവനന്തപുരം നഗരത്തിൽ പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമി ഏതെങ്കിലും സ്ഥാപനത്തിന് പതിച്ചു കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനത്തിന് എത്ര ഏക്കർ വീതം; ഇതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ–ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly